## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 504** — **18.5.2017 -ൽ മറുപടിയ്ക്ക്**

## ടൂറിസം വികസനത്തിന് ആസ്ട്രേലിയയിൽ പ്രചരണ പരിപാടികൾ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആസ്ട്രേലിയയിലെ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | എ) | സംസ്ഥാനത്ത് ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആസ്ട്രേലിയയിലെ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ആസ്ട്രേലിയയിലെ അച്ചടി മാധ്യമങ്ങളിലും ടെലിവിഷൻ മാധ്യമങ്ങളിലും ട്രാമുകളിലും പരസ്യങ്ങൾ നൽകിയിട്ടുണ്ട്.കൊച്ചി മുസിരിസ് ബിനാലെയുമായി ബന്ധപ്പെട്ട ക്യാമ്പയിനിങ്ങിന്റെ ഭാഗമായാണ് 2016-17 വർഷത്തിൽ ആസ്ട്രേലിയയിൽ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്. ആസ്ട്രേലിയൻ പ്രിന്റ് ക്യാമ്പയിൻ, ആസ്ട്രേലിയൻ ടി.വി. ക്യാമ്പയിൻ, ഔട്ട് ഓഫ് ഹോം (OOH) എന്നിങ്ങനെയാണ് പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. |
| ബി) | പ്രസ്തുത സജീവ പ്രചരണ പരിപാടിക്കായി നാളിതു വരെ എത്ര തുകയാണ് നൽകിയത്; വിശദമാക്കാമോ; | ബി) | 2016-17 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>I) ആസ്ട്രേലിയൻ പ്രിന്റ് ക്യാമ്പയിനു വേണ്ടി 1,71,934 ആസ്ട്രേലിയൻ ഡോളറിന്റെ |

| | | | |
|---|---|---|---|
| | | | (ഏകദേശം 87ലക്ഷം രൂപ + സർവ്വീസ് ടാക്സ്) അനുമതിയാണ് നൽകിയിട്ടുള്ളത്.<br>II) ആസ്ട്രേലിയൻ ടി.വി. ക്യാമ്പയിന് വേണ്ടി 1,07,52,500/-( ഒരു കോടി ഏഴ് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.<br>III) സിഡ്നി, മെൽബൺ നഗരങ്ങളിൽ ഔട്ട് ഓഫ് ഹോം (OOH) ക്യാമ്പയിൻ നടത്തുന്നതിനായി ഒരു മാസ കാലാവധിയിൽ ട്രാമുകളിൽ കേരള ടൂറിസത്തിന്റെ പരസ്യം പതിക്കുന്നതിന് സർവ്വീസ് ചാർജ്ജുകൾ ഉൾപ്പെടെ ടൂറിസം വകുപ്പ് 1,11,55,000/- ( ഒരു കോടി പതിനൊന്ന് ലക്ഷത്തി അമ്പത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിക്കായി ഏതെങ്കിലും ഏജൻസിയെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | സി) | ആസ്ട്രേലിയയിൽ പ്രചരണ പരിപാടിക്കായി കേരള ടൂറിസത്തിന്റെ ബ്രാൻഡിംഗ് & അഡ്വർട്ടൈസിംഗ് എംപാനൽഡ് ഏജൻസിയായ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് അനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ